15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5390 — 21-07-2022 - ൽ മറുപടിയ്ക്ക്

മത്സ്യസംരക്ഷണവും വിപണനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരള മത്സ്യ സംരക്ഷണവും, വിപണനവും ഗുണനിലവാര പരിപാലനവും സംബന്ധിച്ച നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ മത്സ്യ സംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും, ഗുണനിലവാരം പരിപാലിക്കുന്നതിനും വേണ്ടി 'കേരള മത്സ്യ സംഭരണവും, വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021' നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിച്ച് വരുന്നു.<br><br>കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021 നടപ്പാക്കുന്നതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾ അവർ പിടിച്ച് കൊണ്ടുവരുന്ന മത്സ്യം നേരിട്ട് വിപണനം ചെയ്യുന്നതിനും മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മുക്തമാകുന്നതിനും സഹായമാകുന്നതാണ്.<br><br>പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ/മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ച് ഇവയുടെ നടത്തിപ്പ്, പരിപാലനം എന്നിവ ശക്തിപ്പെടുത്തുന്നതാണ്. കൂടാതെ ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം പരിവഹന സൗകര്യം എന്നിവയുടെ പ്രവർത്തനം നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതാണ്.<br><br>മത്സ്യം കൈകാര്യം ചെയ്യുന്ന ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, കച്ചവടകേന്ദ്രം, ചിൽഡ് സ്റ്റോറേജ്, ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം പരിവഹന സൗകര്യം, കണ്ടെയ്നർ എന്നിവയുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി 'സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി' രൂപീകരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പൂർണ്ണമായും ഉറപ്പാക്കുന്നതിനും അതുവഴി മത്സ്യത്തൊഴിലാളികൾക്ക് അവർ വിപണനം ചെയ്യുന്ന മത്സ്യത്തിന് ന്യായമായ വിലയും ലഭ്യമാകുന്നതാണ്. |
| (ബി) | പ്രസ്തുത നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് , മത്സ്യതൊഴിലാളികൾക്ക് മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണം തടയുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ മത്സ്യ സംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും, ഗുണനിലവാരം പരിപാലിക്കുന്നതിനും വേണ്ടി 'കേരള മത്സ്യ സംഭരണവും, വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021' നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിച്ചു വരുന്നു.<br><br>കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021 നടപ്പാക്കുന്നതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾ അവർ പിടിച്ചു കൊണ്ടുവരുന്ന മത്സ്യം നേരിട്ട് വിപണനം ചെയ്യുന്നതിനും മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മുക്തമാകുന്നതിനും സഹായമാകുന്നതാണ്.<br><br>പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ/മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ച് ഇവയുടെ നടത്തിപ്പ്, പരിപാലനം എന്നിവ ശക്തിപ്പെടുത്തുന്നതാണ്. കൂടാതെ ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം പരിവഹന സൗകര്യം എന്നിവയുടെ പ്രവർത്തനം നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതാണ്.<br><br>മത്സ്യം കൈകാര്യം ചെയ്യുന്ന ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, കച്ചവടകേന്ദ്രം, ചിൽഡ് സ്റ്റോറേജ്, ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം പരിവഹന സൗകര്യം, കണ്ടെയ്നർ എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി 'സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി' രൂപീകരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പൂർണ്ണമായും ഉറപ്പാക്കുന്നതിനും അതുവഴി മത്സ്യത്തൊഴിലാളികൾക്ക് അവർ |

| | | | |
|---|---|---|---|
| | | | വിപണനം ചെയ്യുന്ന മത്സ്യത്തിന് ന്യായമായ വിലയും ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ